# കളിപ്പാട്ടം

little
KITEs
AKMHSS

*ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒഴിച്ചു കൂടാൻ പാറ്റത്ത സ്ഥാനം ഇൻഫർമേഷൻ ടെക്നോളജിക്കുണ്ട്. കമ്പ്യൂട്ടർ അറിയാത്ത ഒരു വ്യക്തി നിരീക്ഷരനായി പരിഗണിക്കുന്ന ഒരു അവസ്ഥയാണുള്ളത് ഒരു പാഠ്യ വിഷയമെന്നതിലുപരി മറ്റു പാഠ്യ പാഠ്യേതര വിഷയങ്ങളുടെ പഠനത്തിലും ഐ. ടി ക്ക് ഒഴിച്ചു കൂടാനാവാത്ത സ്ഥാനമുണ്ട്.*

*ബഷീർ കുരുണിയൻ*

**കളിപ്പാട്ടം എന്ന മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു**

**-സൈബുന്നിസ ടീച്ചർ**

***kite mistress***

**മറ്റു പാഠവിഷയങ്ങളുടെ പഠനം ലഘൂകരിക്കുന്നതിന് ഇന്റർനെറ്റ് പോലുള്ള സാങ്കേതിക വിദ്യകൾ ഇന്നത്തെ കുട്ടികൾ ധാരാളമായി ഉപയോഗിച്ചു വരുന്നു.സ്വയം പഠനത്തിനുള്ള ഒരുത്തമ സഹായിയായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിൽ വിദ്യാർത്ഥികൾ ബഹുദൂരം മുന്നോട്ട് പോയി കഴിഞ്ഞു.സ്മാർട്ട് ക്ലാസ് റൂം പരമാവധി ഉപയോഗപെടുത്തി ഐ.സി.ടി പ്രവർത്തനാധിഷ്ഠിതമായ അധ്യാപനത്തിലും ഇന്നത്തെ സമൂഹം ശ്രദ്ധയമാണ്.കോട്ടൂർ എ.കെ.എം.എച്ച് എച്ച്.എസ്സ് 2019-2021 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ തയ്യാറാക്കിയ കളിപ്പാട്ടം എന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു .**


**കൈറ്റ് മാസ്റ്റർ**

**മുഹമ്മദ് സുഹൈൽ**

# *FRIENDS*

**A friend like is the sunshine**

**And makes a perfect day**



**H! what joy it is**

**To have a friend like you**

**They're glad when you are happy**

**When you are sad, they are**

**A friend makes world live**

**Happy, funny and better**

**friends are the light in darkness of life**

**A friend is a true gift**

**It's nice to have a friend**

**A friend means whom**

**F – Fights with you**

**R – Respect you**

**I – Include you**

**E – Encourage**

**N – Need you**

**D – deserve you**

**S – Stand with you**

JishanaShifa .c
VI -G

# വഴികൾ

. നന്മയ്ക്കു മക്കളായ് പിറക്കേണ്ടോരിന്നു
തിന്മയ്ക്ക് വലങ്കയ്യായ് വാണിടുന്നു
ഇന്നീ മന്നിനൊരധികപ്പറ്റെന്നല്ലാതെ
മറ്റെന്തു വിശേഷണം നമുക്കു ചേരും?
കൂടപ്പിറപ്പായ് ക്രൂരതകളുണ്ടല്ലോ
അന്യന്റെ ജിവിതം ശിഥിലമാക്കാൻ,
എന്നിരുന്നാലും ചിലർ, ദരിദ്രർ
ദീനശയ്യയിലമർന്നു കാലം കഴിക്കവേ
ജന്മഭൂമിയടക്കമെവനിൽ പ്രഹരം ചെ -
ലുത്തുമ്പോൾ പിന്നെ കാലമുണ്ടോ-
കുനിയുന്നു.....വികാരങ്ങളില്ലാ -
വിഷാദങ്ങളില്ല നിർജീവമായൊരു
ജീവിതം മാത്രം, ജീവിച്ചു തീർ -
ക്കാൻ യമരാജരഥത്തിലങ്ങു പോവു -
കയല്ലോ പോ൦വഴിയും,
ഇന്നു ടലിപ്പതായവൻ കാല-
മേനിൻ കാഠിന്യ വഴികൾ.........


Anasooya M-9M

# *THE MAGIC POT*

Once up on a time a farmer was ploughing his field when he hit something hard. It was a large pot, what's this a metal pot I wonder! If there is thing more valuable beneath. He hope that he could find something more valuable. The farmer dug deeper and wider, after some hours the farmer decided to rest. He left his spade in the pot and lay down under a tree. Awhile later when he got up and went back to the pot he was surprised how it is possible? He had the pot it fall of hundred of spades I had left in it. It look like magical pot, let me see what happen when I put mango in it? As the farmer had thought one Mango turned into hundred Mangoes when he left in it. "this is truly a magic pot". Farmer place the pot in front his wife when she was working at textiles. He said "I will give you 100 times more powerful than the dresses with you.

SHIFIN -5-C

# കാണ്ടാമൃഗത്തിന്റെ വിശപ്പ്



അതി മനോഹരമായ ഒരു കാട്....... കാട്ടിൽ നിറയെ മൃഗങ്ങളുള്ള ഒരു അതി മനേഹരമായ കാട്....... ഒരു ദിവസം ഒരു കാണ്ടാമൃഗം വിശന്ന് അലയുകയായിരുന്നു..... നടന്ന് നടന്ന് അവൻ ഒരു അവശനായി ഒരു മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു.... അപ്പോഴാണ് അവന്റെ സുഹൃത്ത് മുയൽ അവിടെ എത്തിയത്. എന്താ നീ ഇങ്ങനെ ഇരിക്കുന്നത് ?.... അവൻ ചോദിച്ചു . എനിക്ക് വിശന്നിട്ടാണ് ,അവൻ പറഞ്ഞു . എങ്കിൽ ഞാൻ എന്റെ കുറച്ച് കാരറ്റ് തരാം ,നീ അത് കഴിച്ചോ .... , ശരി ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ലാ ... നന്ദീ ..... നന്ദീ..... ഒരുപാട് നന്ദി.... നീയാണ് എന്റെ ഏറ്റവും നല്ല കൂട്ടുക്കാരൻ ..... ഓ..... നന്ദി ഒന്നും വേണ്ടാ... ഞാൻ ഒരു കൂട്ടുകാരന്റെ കടമയാണ് ചെയ്തത്.......അത്രയേ ഉള്ളൂ...............!

ആദിത്യൻ.vk

# സമയമുണ്ടായിരുന്നെൻകിൽ

ഞാനും പ്രകൃതിയും ഒരുമിച്ച്  കരയുകയായിരുന്നു.അവ ഇടകലർന്ന ഭൂമിയിൽ
പതിച്ചു.കൈയ്യിൽ കുടയുണ്ടായിരുന്നെങ്കിൽ പോലും അത് തുറക്കാൻ ഞാൻ
മറന്നു.അന്നിതില്ലായിരുന്നെങ്കിൽ പതിവ് പോലെ  ഇന്നവന് എന്റെ കുടയിലേക്ക് നുഴ
ഞ്ഞു കയറിഎന്നെ പുറത്താക്കാമായിരുന്നു.പക്ഷെ അവന് സമയമുണ്ടായിരുന്നെങ്കിൽ
മാത്രം.ആവഴിയോരത്തിന്റെ മൂലയിലിരുന്ന് സ്വയംചത്തുസ്വയം ചത്തുകൊണ്ടിരിക്കുന്ന
സ്വയം ചത്തുകൊണ്ടിരിക്കുന്ന ആ വെളുത്ത വസ്തു ഒരു പക്ഷെ അവന്റെ സ്മാരക ശിലാ
നോക്കി ച്ചിരിക്കുന്നുണ്ടാകും .ഞങ്ങൾ രണ്ട് പേരും അവന്റെ സുഹൃത്തുക്കളായിരുന്നു
വെളുത്ത  അവനെ പരിചയപ്പെടും മുൻപ് പ്രശ്നങ്ങൾക്കെല്ലാം അവനെ
തന്നെയായിരുന്നു സമീപിച്ചത് .പക്ഷെ അതിന് ശേഷം പ്രശനങ്ങൾക്കെല്ലാം അവൻ
വെളുത്തവന്റെ   അടുക്കൽ അഭയം തേടി .അവൻ   തന്നില് നിന്ന് അകലുകയായിരുന്നു
.വഴിയിലൂടെ ഒഴുകുന്ന വെള്ളത്തിൽ കളിച്ച പോവാനോ ,അതിൽ ചെരുപ്പിനെ
ഒഴുകാനനുവദിച് അതിന് പിറകേ ഒടുന്നതിനോ മറിച്ചോ ഞാൻ ചിന്തിച്ചില്ല
വെളുത്തവൻ തന്റെ ജീവൻ അവന് വേണ്ടി ബലിയർപ്പിച്ചപ്പോൾ ,അവന്റെ ജീവനും
ചോർന്നു പോവുകയായിരുന്നു .അല്പം കൂടി സമയം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ
ആശിച്ച .അവന്റെ ശ്വാസ കോശങ്ങളിൽ ക്യാൻസർ സെല്ലുകൾ ഇരട്ടിച്ചു പോലെ
വെളുത്തവൻ തന്റെ ജീവൻ അവന് വേണ്ടി ബലിയർപ്പിച്ചപ്പോൾ ,അവന്റെ ജീവനും
ചോർന്നു പോവുകയായിരുന്നു .അല്പം കൂടി സമയം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ
ആശിച്ച .അവന്റെ ശ്വാസ കോശങ്ങളിൽ ക്യാൻസർ സെല്ലുകൾ ഇരട്ടിച്ചു പോലെ
വെളുത്തവൻ തന്റെ ജീവൻ അവന് വേണ്ടി ബലിയർപ്പിച്ചപ്പോൾ ,അവന്റെ ജീവനും
ചോർന്നു പോവുകയായിരുന്നു .അല്പം കൂടി സമയം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ
ആശിച്ച .അവന്റെ ശ്വാസ കോശങ്ങളിൽ ക്യാൻസർ സെല്ലുകൾ ഇരട്ടിച്ചു പോലെ
എന്റെ ചിന്തകളും ഇരട്ടിച്ചു കൊണ്ടിരുന്നു ഒടുവിൽ അവന്റെ മരണം പോലെ എന്റെ
ചിന്തകളും മരിച്ചു .എങ്കിലും മനസിന്റെ കോണിലെവിടെയോ ആ വാക്
അവശേഷിശിച്ചുഎന്റെ ചിന്തകളും ഇരട്ടിച്ചു കൊണ്ടിരുന്നു ഒടുവിൽ അവന്റെ മരണം
പോലെ എന്റെ ചിന്തകളും മരിച്ചു .എങ്കിലും മനസിന്റെ കോണിലെവിടെയോ ആ വാക്
അവശേഷിശിച്ചു .

Muhammed nihal

# വിരുതൻ പാഠം പഠിച്ചേ !

ഒരിടത്തൊരിടത്ത് ഒരു സൂത്രക്കാരനായ കാക്ക താമസിച്ചിരുന്നു . ചിക്കു എന്നായിരുന്നു അവന്റെ പേര് . ഒരു ദിവസം ചിക്കു പറന്നു പോകുമ്പോൾ ഒരു പാടത്ത് കുറേ പ്രാവുകൾ നെൽ കതിരുകൾ കൊത്തുന്നത് കണ്ടു . ഹയ്യട! ഇവരുടെ ഒപ്പം കൂടിയാൽ നല്ല രസമായിരിക്കും , ചിക്കു വിജാരിച്ചു . അവൻ എന്തു ചെയ്തെന്നോ ? കരടി ചേട്ടന്റെ അടുത്തെത്തി ദേഹം മുഴുവൻ പ്രാവിന്റെ ഉവൽ പോലെ വെള്ളച്ചായം പൂശി . എന്നിട്ട് മെല്ലെ പ്രാവുകളുടെ അടുത്തു ചെന്നു . പ്രാവുകൾ ചിക്കുവിനെ തിരിച്ചറിഞ്ഞതേയില്ല. അങ്ങനെ ചിക്കു അന്ന്മുതൽ പ്രാവുകളുടെ ഒപ്പമായി താമസം . ഒരിക്കലും വായ തുറക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ദിച്ചു . വായ തുറന്നാൽ കാ.... കാ.... എന്ന ശബ്ദം കേൾകില്ലേ ? അത് കേട്ടാൽ പ്രാവുകൾ തിരിചറിയും!.

കുറേ ദിവസം കഴിഞ്ഞു . ഒരു ദിവസം ഒരു തകർപ്പൻ മഴ പെയ്തു ! മഴ നനഞ്ഞപ്പോഴോ...? ചിക്കുവിന്റെ തട്ടിപ്പ് മനസ്സിലായ പ്രാവുകൾ അവനെ കൂട്ടത്തിൽ നിന്ന് കൊത്തിയാട്ടി . അവൻ കരഞ്ഞ് കൊണ്ട് പറന്ന്പോയി . പിന്നീട് ഒരിക്കലും അവൻ ആരെയും പറ്റിക്കാൻ നോക്കിയിട്ടില്ലാ.

സിദ്ധാർത്ത് നാരായണൻ PM
5-F

# മണ്ടൻ കാക്കയും ബുദ്ധിമാനായ പൂച്ചയും

ഒരിടൊത്തൊരിടത്ത് ഒരു കാക്കയും പൂച്ചയും ഉണ്ടായിരുന്നു. കാക്ക ഒരു അത്തി മരത്തിലാണ് താമസിക്കുന്നത്. ഒരിക്കൽ കാക്ക ഭക്ഷണം തേടി നടക്കുമ്പോൾ ഒരു മീൻ കിട്ടി. മീൻ കിട്ടിയ സന്തോഷത്തിൽ കാക്ക അത്തി മരത്തിലേക്ക് പറന്നു. അവിടെ ഇരുന്ന് മീൻ തിന്നാൻ ഒരുങ്ങുമ്പോൾ ഒരു ബുദ്ധിമാനായ പൂച്ച നടന്ന് വന്നു.

അവനാണെങ്കിൽ വിശന്ന് ഭക്ഷണം ഒന്നും കിട്ടാതെ നടക്കുകയായിരുന്നു. അപ്പോഴാണവൻ കാക്കയുടെ കൊക്കിലുള്ള മീൻ കണ്ടത്. അവൻ കാക്കയോട് പറഞ്ഞു" എനിക്ക് വിശന്നിട്ട് വയ്യ. ഒരു കഷണം മീൻ തരുമോ?”. തരില്ലാ എന്നവൻ തലയാട്ടി . അപ്പോൾ പൂച്ച എങ്ങനെയെങ്കിലും അത് കൈക്കലാക്കണം എന്ന് തീരുമാനിച്ചു . പൂച്ച പറഞ്ഞു " നിന്റെ ആ മധുരമായ ഒരു പാട്ട് കേട്ടിട്ട് എത്ര നാളായി . നീ എനിക്കൊരു പാട്ട് പാടി തരുമോ? എനിക്ക് കേൾക്കാൻ കൊതി ആയിട്ട് വയ്യ" എന്നൊക്കെ പറഞ്ഞു. അപ്പോൾ കാക്ക ആ വാക്കിൽ


വീണു. അവൻ പാടാൻ തുടങ്ങി കാ... കാ.... എന്ന്. അവന്റെ

കൊക്കിലുള്ള മീൻ താഴേക്കു വീണു. പൂച്ച അതും കൊണ്ട് വേഗം ഓടി. കാക്ക നാണിച്ചു തലതാഴ്ത്തി നിന്നു.

-Ishma.v 5B

# ആനക്കുട്ടിയും കൊച്ചുപക്ഷിയും

ഒരു കാട്ടിൽ ആനക്കുട്ടിയും
കുടുംബവും താമസിച്ചിരുന്നു . ഒരു
ദിവസം ആനക്കുട്ടിയും കുടുംബവും
കുളത്തിലേക്ക് കുളിക്കാൻ
പോയി . ആ കാട്ടിൽ ഒരു മാവിൽ
താമസിച്ചിരുന്ന കൊച്ചു പക്ഷി അതു
വഴി പോവുകയായിരുന്നു . ആ
പക്ഷിക്ക് കൂട്ടുകാ
രൊന്നും ഇല്ലായിരുന്നു .അപ്പോൾ
ആ പക്ഷി ആനയോട് ചോ
ദിച്ചു .ചങ്ങാതി ,നീ എന്റെ
കൂട്ടുകാരനാകുമോ .....
ആന പറഞ്ഞു :നിനക്ക് നടക്കാൻ
കഴിയില്ലല്ലോ ...എനിക്ക് നടക്കാൻ
കഴിയും .നിനക്ക് പറക്കാൻ കഴിയും
.എനിക്ക്പറ
ക്കാൻ കഴിയില്ലല്ലോ ... ഞാൻ
നിന്റെ കൂട്ടുകാരനൊന്നും ആകില്ല .
ആകൊച്ചു പക്ഷിക്ക് ആനയുടെ
അന്യായം കേട്ട് സങ്കടം വന്നു
ആനയും കുടുംബവും
അവിടെനിന്നുപോയി .
അങ്ങനെ ഒരു ദിവസം ആനയും
കുടുംബവും തീറ്റതേടി പുറത്തു
പോയി .ആന കുടുംബവും അവിടെ
നിന്നും പോയത് ആ കൊച്ചു ആന
കണ്ടില്ല .ഈ സംഭവങ്ങളൊക്കെ
ഈ കൊച്ചു പക്ഷി
കാണുന്നുണ്ടായിരുന്നു . കൂട്ടം വിട്ട
ആനക്കുട്ടി അലറി വിളിക്കാൻ
തുടങ്ങി.ഈ ശബ്ദം കേട്ട് ആ
കൊച്ചു പക്ഷി അവിടെ എത്തി
.എന്നിട്ട് ചോദിച്ചു എന്താണ്
നിനക്ക് പറ്റിയത് . ആ കൊച്ചു
ആന സംഭവങ്ങളെല്ലാം ആ
പക്ഷിക്ക് പറഞ്ഞു കൊടുത്തു .
നിന്റെ കുടുംബം ഈ വഴിയിലൂടെ
വീട്ടിലേക്ക് ഞാൻ കണ്ടിരുന്നു .
നിന്റെ അമ്മയും അച്ഛനും നിന്നെ
അന്വേശിക്കുകയാണ് . അങ്ങനെ
ആനക്കുട്ടിയും പക്ഷിയും
വാട്ടിലെത്തി . ആനയുടെ അമ്മയും
അച്ഛനും സന്തോഷമായി .
അപ്പോൾ അവർ പറഞ്ഞു
പ്രവർത്തിയും മറ്റും നോക്കിയിട്ടല്ല
കൂട്ടുകാരെ തിരെഞ്ഞെടുക്കുന്നത് .
പിന്നീട് ആനക്കുട്ടിയും പക്ഷിയും
നല്ല കൂട്ടുകാരായി ജീവിച്ചു .



***- fathima hiba 5B***

# My Mother

To emphasise my life
I am having a perfect one
invested by my father but
presiding by my mother – after
whom sometimes I cry.
I am happy when I imagine
from the very beginning of me.
The caring I got from her
the very beginning,
The way she cared a still
not seen me
The way she cared me an
infant
The way she teased
me over my silliness,
And the way she tried to teach
me her principals of life...
I have seen the anger,
that dominated in her large
beautiful eyes, spreading into
each and every corner of her face,
but still caring...
caring, not by lifting it to
reach over her tongue.
Creating me as an accentuate example,
And as an exact copy of what

my mother used to be,
And having wrote three different
versions of the self in her,
she is now slowly deviating,
not to be fourth one in the group
but, probably in search of the
younger self of her for whom she had
stored to impart to her very first child
which in turn turned out to be
nothing......

# ഹർത്താൽ



ജനജീവിതം സ്തംഭി-
പ്പിക്കുമൊരു ഹർത്താൽ
എങ്ങും ഹർത്താൽ അലയൊ-
ലികൾ കേട്ടിടുന്നു.
എങ്ങും കല്ലേറ്
റോഡുകൾ നിശ്ചലം.
കടകൾ അടഞ്ഞിരിക്കുന്നു.
സഞ്ചാരികൾ അലഞ്ഞിടുന്നു.
ഹർത്താലെന്നു കേൾക്കവേ
കുട്ടി മുഖങ്ങ ളിൽ വിടരുന്ന
പുഞ്ചിരി.
ഹർത്താലെന്നു കേൾക്കവേ
മുതിർന്ന് പടരുന്ന ഇരുൾ
ഒരു സന്ധ്യകുടി പോകവേ
ഒരു ഹർത്താൽ കൂടി കഴിയവേ.


# ഈ കഥ

ഈ കഥയുടെ തുടക്കം

ഒരു ദിവസം അല്ല.......

ഒരായിരം വർഷങ്ങൾക്ക് മുമ്പും അല്ല ......

1957 ജൂലൈ 10 തിങ്കളാഴ്ച്ച ഡൽഹിയിലെ ഒരു കൊച്ചു ഗ്രാമത്തിൽ ആ സംഭവം നടന്നു . ജോണിന്റെ ഭാര്യ മറിയ ജോസഫ് എന്ന കുഞ്ഞിന് ജന്മം നൽകി . ചെറുപ്പത്തിൽ തന്നെ ആക്ഷൻ സിനിമയോടും , തോക്കിനോടും അവന് വല്ലാതെ ഒരു മതിപ്പായിരുന്നു . പത്താം വയസ്സിൽ അവൻ ഗൺ ഷൂട്ടിങ്ങ് പഠിക്കാൻ പോയി . പതിനഞ്ചാം വയസ്സിൽ അവൻ അത് പൂർത്തീകരിച്ചു . അക്കാടമിയിൽ നിന്ന് പുറത്തിറങ്ങി . അഞ്ച് വർഷം കൊണ്ട് ലോകം ആകെ മാറി കയിഞ്ഞു . അച്ഛനേയും അമ്മയേയും കാണാൻ വേണ്ടി വീട്ടിലേക്ക് നടന്നു . അപ്പോൾ അവൻ കണ്ടത് വീട് കത്തി നഷിച്ചതാണ് . അവൻ അമ്പരന്നു . അവൻ കര്യം തിരക്കി . അയൽപക്കത്തെ ഒരു കിളവൻ കാര്യം പറഞ്ഞു .... ജസീംഖാൻ .... ഡൽഹി വരെ വിറച്ച് പോകും ആ നാമം കേട്ടാൽ...... നിന്റെ അച്ഛൻ നിന്റെ ആഗ്രഹം സാധിക്കാൻ വേണ്ടി ജസീം ഖാനിന്റെ കയ്യിൽ നിന്ന് കുറച്ച് പണം വാങ്ങി . ആ പണം ബ്ലാക്ക് മണിയായിരുന്നു . ഭാഗ്യമില്ലായിമ എന്ന് പറയട്ടെ , ആ സമയത്ത് ഡൽഹീപോലീസിനാരോ വിവരം കൊടുത്ത പ്രകാരം അവർ ചെക്ക് ചെയ്തു ...... ബ്ലാക്ക് മണി കണ്ടെടുത്തു... അച്ഛൻ പോലീസ് മൊഴിയിൽ ജസീം ഖാന്റെ നാമം ഉരിയാടി .... അത് കേട്ട് പോലീസ് ജസീം ഖാന്റെ വീട്ടിൽ ചെന്ന് നാറ്റിച്ചു . ആ ദേഷ്യത്തിൽ നിന്റെ കുടുമ്പത്തിനെ അവൻ നശിപ്പിച്ചു ... ഇത് കേട്ട് ജോസഫ് ഒന്നും മിണ്ടാതെ മുന്നോട്ടു നടന്നു . കണ്ണിൽ നിന്ന് MP14 ബുള്ളറ്റ് പോകും വിധം കണ്ണുനീർ വീഴുന്നുണ്ട് . ആ സങ്കടത്തിൽ അവൻ ഒരു വർഷത്തോളം ആരോടും മിണ്ടിയില്ല ..........



1973-ൽ ,

ജോസഫ് ഐ.ഏ.എഫിൽ ഉള്ള അവന്റെ കൂട്ടുകാരനെ കാണാൻ പോയി . അവന്റെ പ്ലാൻ പറഞ്ഞു . കൂട്ടുകാരൻ അത് നിരസിച്ചില്ല ....... അവനോട് ചോദിച്ചു , ഇതിന് മാത്രം ധൈര്യം നിനക്കുണ്ട് . അവൻ ഊം.. എന്ന് മൂളി . അത് വെറും ഒരു ചെറിയ ടാസ്ക് അല്ല ., തീക്കളിയാണ് സുഹൃത്ത് പറഞ്ഞു . ജസീം ഖാന്റെ വീട്ടിൽ അവനെ കൊല്ലാൻ ഇതുവരെ ആരും മുതിർന്നിട്ടില്ല.

സുഹൃത്ത് ഹെലികോപ്റ്റർ സ്റ്റാർട്ട് ചെയ്തു . പ്ലാൻ പ്രകാരം പറഞ്ഞ സ്പോട്ടിൽ കൈയിൽ കിട്ടിയ പിസ്റ്റളും , AK47-ഉം എടുത്ത് ആകാശത്ത് നിന്നും ഒരൊറ്റ ചാട്ടം . പാരച്യൂട്ട് ഓപ്പൺ ചെയ്ത് ജാസിം ഖാന്റെ വീടിന്റെ ടറസ്സിൽ ഇറങ്ങി . 148 ഗാർഡിയൻസ് ഉള്ള ആ വീട്ടിൽ അവൻ ഇറങ്ങി . അവരെ കൊന്നും കണ്ണ് വെട്ടിച്ചും അവൻ ജാസിമിന്റെ റൂമിൽ എത്തി . ബെഡിൽ കിടക്കുന്ന ജാസിം ഖാനെ അവൻ സൈലൻസർ വെച്ച ആ AK47-കൊണ്ട് വെടിവച്ചു . പക്ഷെ അത് ജസീം ഖാൻ അല്ല , ജോസഫിന്റെ ഐ.ഏ.എഫിൽ ഉള്ള കൂട്ടുകാരനാണ് . പെട്ടന്ന് ടപ്പേ..... അവൻ ബോധം കെട്ട് വീണു... എണീറ്റപ്പോൾ പത്ത് ഗാർ-ഡിയൻസിന്റെ കൂടെ ജസീം ഖാൻ........ അവൻ എണീച്ച് ചാടി രണ്ടു കൈയിൽ വച്ച പിസ്റ്റൾ കൊണ്ട ടപ്പേ,ടപ്പേ,ടപ്പേ,ടപ്പേ,....എന്ന് ചറപറ വെടിവച്ചു . അതിൽ നിന്ന് ഒരു ബുള്ളറ്റ് അവന്റെ തലയിൽ ഹെഡ്ഷോട്ടായി പതിഞ്ഞു

Shefin 9B

# ആകാശവീഥിയിലൂടെ

ഏകയാണേകയാണെന്നുമീ യാത്രയിൽ

തേടിപ്പിടിച്ചെത്തുമീ യാത്രയിൽ

ഇരുളലനീക്കീയെത്തുന്നു

പ്രകാശവീഥിയിലായ് ഞാൻ.....

ഒന്നുമേയറിയാതെയീ പാതയിലൂടെ

എന്തെന്നറിയുവാൻ പോകുന്ന യാത്രയിൽ

എങ്ങോട്ടെന്നറിയാതെ പാറിയകലുന്നു

ആകാശവീഥിയിലൂടെ ഞാൻ

കാണാത്ത ലോകങ്ങളെല്ലാമെ

ആസ്വദിച്ചു പറക്കുന്ന യാത്രയിൽ

സുരഴഭിലമായി നിൽക്കുന്ന

കുഞ്ഞിളം രുക്കളെയെല്ലാം

തഴുകിയുണർത്തുന്നതിൻ മിൻിയെ ഞാൻ

എന്തെന്നറിയാത്തയീ  യാത്രയിൽ

ഞാനറിഞ്ഞു നമ്മുടെ പ്രകൃതിയെ

അതിൻ ഹരിതമനോഹരത്തെ.....

# *The day I stopped drinking milk*

***- book review***

I read the book 'The day I stopped drinking milk' written by Sudha murthi. This book shows the common characteristic of the people living in this world. This book shows the life of a lady who hard work to achieve her dream. There is so many chapters in this book. Some of them are the author's experiences. This book gives us inspiration and motivation to work hard and live in harmony. This book teach us to help the needy. And when we are in a trouble they will help us. We should read this book because it make a person kind and help us to understand the values that we should keep in our entire life. The languages is very easy to comprehend. This book give importance to the values in our society. I liked this book because of its language and moral values given by this book

**-Arya KP**
**9A**

# *The modern "Robot"*

The first use of the word *Robot* was in Karel Čapek's play *R.U.R. (Rossum's Universal Robots)* written in 1920 and first performed in Czechoslovakia in 1921, in New York City in 1922 and an English edition published in 1923. Artificial living beings are created from a chemical substitute for protoplasm but over time they learn about violence from their human creators and begin to revolt. The play ends on an optimistic, even spiritual, note as the artificial biology leads a male and female robot to fall in love and inherit the earth.

While Karel Čapek's play introduced the word "robot" into languages around the globe but he later wrote a letter to the Oxford English Dictionary of etymology in which he named his brother, painter and writer Josef Čapek, as its true inventor. In an article in the Czech Lidové noviny in 1933 he also explains that he originally wanted to call the creatures "laboři" from the Latin word *labor*. Karel found the word too bookish and sought advice from Josef who suggested to call them "robots". The word, which is always capitalized in Čapek's play, derives from *robota* which means "drudgery" in Czech and means "work" in Slovak.)

The theme of robots has been picked up by science fiction writers and many volumes are focused on robots and their interaction with the human species. Of particular note is the work of Isaac Asimov as a large part of his work centers on robots. Asimov is particularly known for his creation of the *Three laws of robotics* which he uses in his stories as both to define his robots and how these interact within the worlds he creates.

**Shabeer 9-B**

# കാലം

ഞാൻ പഠിക്കുന്ന കാലം
ഞാൻ കളിക്കുന്ന കാലം
ഞാൻ മറന്നുപ്പോയക്കാലം
എൻെറ ജീവിതത്തിൽമോഹമുള്ള കാലം
എനിക്ക് മറക്കാനാവാത്ത കാലം
ചെറിയ കൂട്ടുക്കാർ ഞങ്ങളിൽ നിന്നു
പഠിക്കുന്ന കാലം
എന്തു മനോഹരമാണാക്കാലം
ഞാൻ പഠിക്കുന്ന കാലം
ഞാൻ കളിക്കുന്ന കാലം
ഞാൻ മറന്നുപ്പോയാക്കാലം

Naiza jafar 5B

## കള്ളക്കുറുക്കനും പൂവൻകോഴിയും



നാലു കാലുള്ളൊരു കള്ള കുറുക്കൻ
നടന്നു നടന്നു പോകുമ്പോൾ
രണ്ടു കാലുള്ളൊരു പൂവൻ കോഴി
മുന്നിൽ വന്ന് പെട്ടല്ലോ
കോഴിയെ കണ്ട കള്ളക്കുറുക്കന്റെ
വായിൽ വെള്ളം വന്നല്ലോ
ആർത്തി പെരുത്ത കള്ള കുറുക്കൻ
ചാടി പിടിക്കാൻ നോക്കിയല്ലോ
പേടിച്ച് പോയ പൂവൻ കോഴി
പാറി മരത്തിലിരുന്നല്ലോ
തലയും പൊക്കി വാലും പൊക്കി
നീട്ടിക്കൂവി വിളിച്ചല്ലോ
കൊക്കക്കോ.....കൊക്കക്കോ.......

Abhinand R 5 F

# മൊഴി മുത്തുകൾ

1-സത്യം എത്ര ചവിട്ടി മെതിക്കപ്പെട്ടാലും ഉയിർത്തെഴുന്നേൽക്കും.

-ബ്രയന്റ്

2-ഉറങ്ങുമ്പോൾ കാണുന്നതല്ല,ഉണർന്നിരിക്കുമ്പോൾ കാണുന്നതാണ് സ്വപ്നം.

-ഡോ.എ.പി.ജെ അബ്ദുൾ കലാം

3-ശാസ്ത്രമില്ലെങ്കിൽ മതം മുടന്തനാണ്.മതം ഇല്ലെങ്കിൽ ശാസ്ത്രം അന്ധനാണ്.

-ഐൻസ്റ്റീൻ

4-മനുഷ്യവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജീവിക്കാനുള്ള അവകാശം.

-ഗ്രിഗരി സ്മിത്ത്

5-ഒരു ഔൺസ് സഹായം ഒരു ടൺ പ്രസംഗത്തേക്കാൾ ഉപകാരപ്രദമാണ്.

# കത്തിയമരുന്ന പച്ചിലകൾ

ചിലർക്ക് തമാശയാണ് ജീവിതം
അവരിൽ
അന്യന്റെ ജീവിതം കല്ലച്ച കിടപ്പുണ്ടാവും
എന്നിൽ ഇതു രണ്ടുമല്ല
എന്നിലെ പ്രതിഷേധജ്വാലകൾ കത്തുമ്പോഴേക്കും
ഞാൻ കണ്ട പച്ചിലകൾ
അവർ ചുവപ്പിച്ചിരുന്നു
ഞാൻ താണ്ടാതെ പോയ ദൂരം
ചൂണ്ടാതെ പോയ വിരൽ
കൊള്ളാതെ പോയ വെയിൽ
നനയാതെ പോയ മഴ
എല്ലാമെല്ലാം ചിതയിലുറഞ്ഞുപോയിരിക്കുന്നു
ഇനി ഓരോ ഇലയനക്കവും എന്റെ നിശ്വാസമാണ്
കാലത്തിന്റെ ഇരുട്ടിൽ
എനിക്കു മരണമില്ല

*shahana sherin T.P*
*9-O*

# ഞാനും നാൾക്കുനാൾ

ഇന്നലെ ,നാളെയുടെ പ്രതീക്ഷകൾ അർപ്പിക്കുന്ന ഒരു സൂക്ഷിമമായ മൺതരിയോളം വളർന്നു വന്ന ഞാൻ,ഇന്ന് സ്വന്തം ദു:ഖങ്ങൾ പോലും മറന്ന് ആഹ്ലാദത്തിൽ മതിമറന്ന് സ്വന്തം പ്രതീക്ഷകൾക്ക് ജീവൻ നൽകി വളർത്തിയ അരുമയായ പെൺകൊടിയായി മാറി,ഞാൻ.നാളെ പ്രതീക്ഷയുടേയും ആഗ്രഹങ്ങളുടെയും സൂര്യാസ്തമയം നീലച്ച വേനകളുടെയും സഹനങ്ങളുടെയും അഗാധമായഗർത്തത്തിലേക്ക് കാൽ തെന്നിയ എന്നെ കടപുഴകിയ വൃക്ഷത്തോട് ഞാൻ സാദൃശ്യപ്പെടുത്തുന്നു.ഇതിന്റെ എല്ലാം പാരൃമത്തിന് ചാരുനയും പ്രഭയും ചൊരിയാൻ ഞാൻ അവസാനം ഒരു ആത്മബന്ധം പുലർത്തി മണ്ണിനോട് പരസ്പരം സ്വകാര്യതകളും ദഹനക്കേടുകളുമില്ലാത്ത ഒരു നല്ല തോഴിയായി മണ്ണ് എനിക്ക് മാറി.

സയാറീം 9-A

# വിജ്ഞാനം വിരൽത്തുമ്പിൽ

ആധുനിക കാലഘട്ടത്തിലെ വിദ്യാദ്യാസ സമ്പ്രദായത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത സ്ഥാനം ഇൻഫർമേഷൻ ടെക്നോളജിക്കുണ്ട്. കമ്പ്യൂട്ടർ അറിയാത്ത ഒരു വ്യക്തിയുള്ളത് . ഒരു പാഠ്യ വിഷയാമെന്നതിലുപരി മറ്റ പഠ്യപാഠേദര വിഷയങ്ങളുടെ പഠനത്തിലും ഐ.ടി ക്ക് ഒഴിച്ചുകൂടാനാവാത്ത സ്ഥാനമുണ്ട്ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ ഏറ്റവുടുക്കാൻ ഉതകുമാറുള്ള ഐ.ടി പഠന സമ്പ്രദായം ഇന്ന് പൊതു വിദ്യാലയങ്ങളിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. മറ്റ പാഠ്യവിഷയങ്ങളുടെ പഠനം ലഘൂകരിക്കുന്നതിന് ഇന്റർനെറ്റ് പോലുള്ള സാങ്കേതിക വിദ്യകൾ ഇന്നത്തെ കുട്ടകൾ ധാരാളമായി ഉപയോഗിച്ച വരുന്നു. സ്വയം പഠനത്തിനുള്ള ഒരുത്തമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിൽ വിദ്യാർത്ഥികൾ ബഹുദൂരം മുന്നോട്ട് പോയി കളഴി ഞ്ഞു. സ്മാർട്ട് ക്ലാസ് റൂം പരമാവധി ഉപയോഗിക്കുന്നതിൽ വിദ്യാർത്ഥികൾ ബഹുദൂരം മുന്നോട്ട് പോയി കഴിഞ്ഞു. സ്മാർട്ട് ക്ലാസ് റൂം പരമാവധി ഉപയോഗപെട്ട്ത്തി ഐ.സി.ടി പ്രവർത്തനാധിഷിതമായ അധ്യാപനത്തിലും ഇന്നത്തെ സമൂഹം ശ്രദ്ധേയമാണ്



fathima ashitha NK
9-O

# സ്വർണ്ണ മീനും കാക്കയും

ഒരു കുളത്തിൽ  ഒരു സ്വർണ്ണ മീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ."അയ്യയ്യേ നിങ്ങളെ  ഒക്കെ കാണാൻ ഒരു  ഭംഗിയുമില്ല.എന്നാൽ എന്നെ  നോക്ക് എന്ത് ഭംഗിയാണെനിക്ക്!".സ്വർണ്ണ മീൻ എപ്പൊഴും മറ്റു മീനുകളെ കളിയാക്കും .അങ്ങനെ  ഇരിക്കെ ഒരു കാക്ക ചേട്ടൻ അതുവഴി   വന്ന് കുളത്തിൽ എന്തോ സ്വർണ്ണനിറത്തിൽ വെട്ടി തിളങ്ങുന്നത് കണ്ണിൽപ്പെട്ടു."ഹയ്യടാ,അതൊരു സ്വർണ്ണ മീനാണല്ലോ!". കാക്ക ചേട്ടന്റെ വായിൽ കപ്പൽ ഓടിക്കാനുള്ള വെള്ളം നിറഞ്ഞു.കാക്ക ചേട്ടൻ വേഗം സ്വർണ്ണ മീനിനെ ഒറ്റ കൊത്തൽ.ഭാഗ്യത്തിന്  സ്വർണ്ണ മീനിന്റെ ഒരു കുഞ്ഞി  ചിറകിനു മാത്രമേ കൊത്തു കൊണ്ടൊള്ളൂ.ഏതായാലും സ്വർണ്ണ മീനിന് നന്നായി വേദനിച്ചു.തനിക്ക് സ്വർണ്ണനിറമുള്ളത് കൊണ്ടാണ് കാക്ക ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണ്ണ മീനിന് മനസ്സിലായി.അതോടെ സ്വർണ്ണ മീനിന്റെ അഹങ്കാരം പമ്പ കടന്നു.ഒരു കുഞ്ഞു മീനായി അവൻ കഴിഞ്ഞുകൂടി.

SONA.K-5.E

# പൂവുകളും  പൂമ്പാറ്റകളും

ഒരു പൂന്തോട്ടത്തിൽ കുറേ പൂവുകളുണ്ടായിരുന്നു.പൂവിലെ തേൻ കുടിക്കാൻഎന്നുംപൂമ്പാറ്റകൾ വരും.പൂമ്പാറ്റകളെ കാണാൻ എന്തു മനോഹരമാണ്.പൂമ്പറ്റകൾ ആടി പാടി രസിച്ചും കളിച്ചും ആ പൂന്തോട്ടത്തിൽ കഴിയും.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ തോട്ടത്തിൽ കുറേ പൂക്കളുണ്ടായി.നല്ല ഭംഗിയുള്ള കുറച്ച് റോസ് ഉണ്ടായിരുന്നു.ഒരു ദിവസം വകൃതിയായ കുട്ടി തോട്ടത്തിൽ എത്തി.ആ കുട്ടിക്ക് റോസ് വളരെ ഇഷ്ട്ടപ്പെട്ടു.അപ്പോൾ അവൻ ഒരു റോസ് പറിച്ചപ്പോൾ അവന്റെ കൈയ്യിൽ മുള്ള് തറച്ചു.അവൻ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് പോയി .എന്നിട്ടും അവന്റെ വികൃതിക്ക് യാതൊരു കുറവുമില്ല.അവൻ വീട്ടിലെ വലയെടുത്ത് തോട്ടത്തിലേക്ക് പോയി.അവൻ അവിടെയുള്ള കുറെ പൂമ്പാറ്റകളെ പിടിച്ചു.അങ്ങനെയാണ് പൂന്തോട്ടത്തിലെപൂമ്പാറ്റകൾ കുറഞ്ഞത്.

Naira 5 B

# ചിണ്ടുവിന്റെ സംഗീതം

ഒരു ഗ്രാമത്തിനടുത്തായി ഒരു ചെറിയ വനമുണ്ടായിരുന്നു.ആ വനത്തിൽ വളരെ സുന്ദരമായ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു.

അവിടെ നിറയെ പക്ഷിക്കളും,മൃഗങ്ങളും,പൂക്കളും,ചിത്രശലഭങ്ങളും പുഴക്കളും,ഒച്ചുകളും ഉണ്ടായിരുന്നു.പക്ഷികളും,മൃഗങ്ങളും നൃത്തം വെച്ചിരുന്നത് ആ ഭംഗിയുള്ള പൂന്തോട്ടത്തിലായിരുന്നു.അപ്പോ ഴാണ് വനത്തിൽ ഒരു വേട്ടക്കാരൻ വരാൻ ഇടയായത്.വേട്ടക്കാര ൻ വനത്തിലെ മരങ്ങളെല്ലാം വെട്ടാൻ ആരംഭിച്ചു.ഈ വിവരം വനത്തിലെ മൃഗങ്ങളറിഞ്ഞു. അവർ എങ്ങോട്ടെന്നറിയാതെ പരി ഭ്രാന്തരായി ഓടി നടക്കാൻ തുടങ്ങി.എന്നാൽ ഇതൊന്നും അറിയാതെ ഒരു പാവം ചിണ്ടു തത്ത പൂന്തോട്ടത്തിലെ മരത്തിൽ ഇരുന്ന് വളരെ രസകരമായ പാട്ടുകൾ പാടികൊണ്ടിരിക്കുകയായി രുന്നു.പൂന്തോട്ടത്തിൽ വിടർന്നു നിൽക്കുന്ന പൂക്കളുടെ സുഗന്ധം ആസ്വദിക്കുന്നുണ്ടായിരുന്നു.അങ്ങനെ വേട്ടക്കാരൻ ആ ഭംഗിയുള്ള പൂന്തോട്ടത്തിലുമെത്തി മരങ്ങളെല്ലൊം വെട്ടാൻ ആരം ഭിച്ചു. മൃഗങ്ങൾ വളരെ സങ്കടത്തോടെ പാഞ്ഞു.ഗുഹയിലും മാളങ്ങളിലും ഒളിച്ചു.ഇതു കണ്ട ചിണ്ടു തത്ത ഒരു മടിയുമില്ലാതെ പാടികൊണ്ടിരുന്നു.നിർത്താതെയുള്ള ഈ പാട്ട് വേട്ടക്കാരനെ ആകർഷിച്ചു.പാട്ട് കേട്ട് വേട്ടക്കാരൻ നിദ്രയിലേക്ക്  താഴന്നു. അത് കണ്ട് മൃഗങ്ങൾ വേട്ടക്കാരനെ വലിച്ചു ഗ്രാമത്തിലേക്ക് കൊ ണ്ടുപ്പോയി. മൃഗങ്ങളും പക്ഷികളുമെല്ലാം സുന്ദരമായ പൂന്തോട്ടത്തി ൽ പാട്ടുപാടി നൃത്തം വെച്ച് സന്തോഷത്തോടെ ജീവിച്ചു.

ഗുണാപാഠം ;-"എപ്പോഴും സന്തോഷത്തോടെ ഇരിക്കണം

*Fathima Insha5B*

# അവന്റെ കഥയിലെ മാലാഖ

പതിവു പോലെ ഉച്ചയ്ക്ക് ബെല്ലടിക്കാൻ സമയമായി എല്ലാവരെയും പോലെ അവന്റെ ശ്രദ്ധയും ബെല്ലിലേക്കാണ്. അപ്രതീക്ഷിതമായാണ് അവന്റെ ചെവിയിലേക്ക് ആ ശബ്ദം മുഴങ്ങിയത് . അത് കേൾക്കേണ്ട താമസം ആള് ഭക്ഷണം വാങ്ങുന്ന സ്ഥലത്തെത്തി .നമ്മുടെ കഞ്ഞിപ്പുരയിലെ ഇവനെ കുറിച്ച് പറഞ്ഞില്ലല്ലോ ? പേര് നഹ്മാൻ ഷെരീഫ് 8 -)o ക്ലാസ്സിൽ പഠിക്കുന്നു . കുറച്ചു വികൃതി ഒക്കെ ഉണ്ടെങ്കിലും ആളൊരു പാവാണ്. അങ്ങനെ ഓരോരുത്തർക്ക് കൊടുത്ത് അവസാനം നഹ്മാനായി . ഭക്ഷണം കിട്ടിയതും നഹ്മാൻ ഓടി . കുറച്ചു സമയം കഴിഞ്ഞപ്പോൾ അവൻ വീണ്ടും വന്നു പാത്രവുമായി . ഭക്ഷണം വിളമ്പുന്ന ടീച്ചർ അവന് ഭക്ഷണം കൊടുത്തു . പിന്നീട് ഇത് നിരന്തരമായി ആവർത്തിക്കാൻ തുടങ്ങി .അങ്ങനെ ആ ടീച്ചർ അവനെ വീക്ഷിക്കാൻ തുടങ്ങി . ഒരു ദിവസം സ്കൂൾ വിടാൻ നേരമായിക്കാണും . ടീച്ചർ ഓഫീസിലേക്ക് പോവുകയായിരുന്നു.അപ്പോൾ ഭക്ഷണ സാധനങ്ങൾ വെച്ചിരിക്കുന്ന സ്റ്റോറിൽ നിന്നും ഒരു ശബ്ദം ടീച്ചർ ചെന്ന് നോക്കിയപ്പോൾ നഹ്മാനാണ് കക്ഷി. അവൻ ഭക്ഷണ സാധനങ്ങൾ പാത്രത്തിൽ ആക്കുകയായിരുന്നു. ടീച്ചർ അവനെ ശിക്ഷിക്കാൻ തീരുമാനിച്ചു.അവനെ കള്ളൻ എന്ന് മുദ്ര കുത്തി. എല്ലാവരോടും ഞാനിത് പറയും എന്ന് പറഞ്ഞു. അപ്പോൾ അവൻ കരഞ്ഞു.അവന്റെ ദാരിദ്ര്യത്തെ കുറിച്ച് ടീച്ചറിനോട് പറഞ്ഞു. പിറ്റേ ദിവസം ടീച്ചർ അവന്റെ വീട് സന്ദർശിക്കാനായി പോയി. കണ്ടാൽ സങ്കടം തോന്നും . അത്രയ്ക്കും ദാരിദ്രമായിരുന്നു അവരുടെ ജീവിതത്തിൽ . ഉപ്പ ചെറുപ്പത്തിലെ മരിച്ചു . ഒരു ഉമ്മയും അനിയത്തിയുമാണ് പിന്നെ അവനുള്ളത്. ഉമ്മാക്ക് ഉപ്പ മരിച്ചത് മുതൽ ഓരോ അസുഖങ്ങളാണ് അനിയത്തിക്കും . ഇവരുടെ ചികിൽസയ്ക്കുതന്നെ വേണം അവൻ അദ്ധ്വാനിക്കുന്ന പണം . സ്കൂളില്ലാത്ത ദിവസം അവൻ ഹോട്ടലിൽ പോയി ജോലി ചെയ്യാറുണ്ട്. അങ്ങനെയാണ് ചികിൽസയ്ക്കുള്ള പണം കണ്ടെത്തുന്നത്. പിന്നെ ഭക്ഷണം ഇവൻ സ്കൂളിൽ നിന്ന് കൊടുന്ന് കൊടുക്കും . ഇതെല്ലാം കേട്ട ടീച്ചർക്ക് എന്ത് ചെയ്യണം എന്ന് അറിയാതെയായി. ശരിക്കും പറഞ്ഞാൽ അവന്റെ ജീവിതത്തിലെ മാലാഖയാണ് ആ ടീച്ചർ . പിന്നീടുള്ള അവന്റെ കാര്യങ്ങളും നോക്കിയത് ടീച്ചറാണ്. അവന്റെ ഉമ്മയുടെയും അനിയത്തിയുടെയും . അങ്ങനെ ഒരുപാട് കാലങ്ങൾക്ക് ശേഷം അവൻ വലുതായി ഡോക്ടറായി . എപ്പോഴും അവൻ ഓർക്കാറുണ്ട് അവന്റെ ജീവിതം സ്വർഗത്തോപ്പാക്കിയ ആ മാലാഖയെ കുറിച്ച്...

നഹ്മാൻ

# നന്ദി

***ഏറിയ പരിശ്രമങ്ങളിലൂടെ ഞങ്ങൾ രൂപപ്പെടുത്തിയ ഡിജിറ്റൽമാഗസിന്റെ പിറകിൽ പ്രവർത്തിച്ച എല്ലാവർക്കും ഈ മാഗസിനിൽ പങ്കുചേരൻ നിങ്ങൾ നൽകിയ സഹായ സഹഗരണങ്ങൾക്ക്" Littil kiters' ടീം ആത്മാർഥമായി നന്ദി രേഖപ്പെടുത്തുന്നു.***

***നന്ദി .....***

little
KITEs
AKMHSS